**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **17-09-2025 - ൽ മറുപടിയ്ക്ക്**

**വയനാട്-കാസർഗോഡ് പവർഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കേ മലബാറിലെ വൈദ്യുതി വിതരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുതകുന്ന വയനാട്-കാസർഗോഡ് പവർഹൈവേ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ്-വയനാട് 400 kV ലൈനിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല ടേൺ കീ അടിസ്ഥാനത്തിൽ L&T എന്ന കമ്പനിക്ക് 2022 മാർച്ച് മാസത്തിൽ നൽകിയിട്ടുള്ളതാണ്. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലൂടെ പുതിയ റൂട്ടിലൂടെയാണ് ഈ ലൈൻ നിർമ്മിക്കുന്നത്. ലൈൻ നിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിക്കേണ്ട 350 ടവർ ഫൗണ്ടേഷനുകളിൽ 108 ടവർ ഫൗണ്ടേഷനുകൾ പൂർത്തീകരിക്കുകയും 64 ടവറുകൾ സ്ഥാപിക്കുകയും ചെയ്തു. പ്രധാനമായും കാസർഗോഡ്, വയനാട് ജില്ലകളിലെ പ്രവൃത്തികളാണ് പുരോഗമിച്ചിട്ടുള്ളത്. ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി പ്രത്യേക നഷ്ടപരിഹാരപാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം ഉടമകൾ തടസ്സം ഉന്നയിക്കുന്നതിനാൽ പ്രവൃത്തിക്ക് ഉദ്ദേശിച്ച പ്രകാരമുള്ള പുരോഗതി ഇതുവരെ കൈവരിക്കാനായിട്ടില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി 02.07.2025 ന് വിളിച്ച ചേർത്ത യോഗത്തിൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പൊതുധാരണയിലെത്തിയിരുന്നു. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സർക്കാരിൽ നടന്ന് വരുന്നു. |
| (ബി) | ടി പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ? | (ബി) | സ്ഥലം ഉടമകളുടെ എതിർപ്പുകൾക്ക് പരിഹാരം കണ്ടെത്തി 2027 മെയ് മാസത്തിനകം 400 കെ.വി ലൈനിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തീവ്ര ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വയനാട് 400 കെ.വി സബ്സ്റ്റേഷന്റെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ